(ബി) 2013-14-ൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും ചെലവാക്കിയ തുകയുടേയും വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 2013-14 വർഷം പുതിയ പദ്ധതികൾക്കായി കോർപ്പസ് ഫണ്ടിൽ നിന്നും വിഹിതം നൽകിയതിന്റെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര സർവ്വേ

212 (6917) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) വയനാട് ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ സംബന്ധിച്ച് കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയെ സംബന്ധിച്ച് സർവ്വേയിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) സഹായത്തോടെ പട്ടികജാതി ജനസംഖ്യ, വിവിധ ജാതികൾ, ഭൂമി ഉള്ളവർ/ഇല്ലാത്തവർ, വീടുള്ളവർ/ഇല്ലാത്തവർ, വൈദ്യുതീകരിച്ച വീടുകൾ, വൈദ്യുതീകരിക്കാത്ത വീടുകൾ, ശൗചാലയം ഉള്ള വീടുകൾ, ഇല്ലാത്ത വീടുകൾ, വിദ്യാഭ്യാസ നിലവാരം തുടങ്ങിയവയുടെ വിശദമായ സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 2.5 കിലോമീറ്ററിനുള്ളിൽ സേവന കേന്ദ്രങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയില്ലാത്ത സങ്കേതങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ളക്ഷാമം, സഞ്ചാര യോഗ്യമല്ലാത്ത റോഡുള്ള സങ്കേതങ്ങൾ എന്നിവയും ഉപയോഗിക്കാൻ കഴിയാത്ത കക്കൂസ് ഉള്ള കുടുംബങ്ങൾ, വൈദ്യുതീകരിക്കാത്ത വീടുകൾ, ഭവനരഹിതർ, ഭൂരഹിതർ എന്നിവരുടെ വിശദാംശങ്ങളും സർവ്വെ റിപ്പോർട്ട് പ്രകാരം ലഭിച്ചിട്ടുണ്ട്.

(ഡി) റോഡ് നവീകരണം, കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കൽ, ഭൂരഹിതർക്കും ഭവനരഹിതർക്കും പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ, കാർഷിക മേഖലയുടെ വളർച്ചയ്ക്കുള്ള വിവിധ പദ്ധതികൾ ശുചിത്വ സൗകര്യങ്ങൾക്ക് മുൻതൂക്കം നൽകൽ എന്നിവയാണ് പ്രധാന ശിപാർശകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly